5314
13/3/18

കേരള സർക്കാർ

പരിസ്ഥിതി (എ) വകുപ്പ്

നം. 852/എ 1/2015/പരി

തിരുവനന്തപുരം
തീയതി:12-03-2018

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നീ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായുള്ള വിജ്ഞാപനം**

സിവിൽ അപ്പീൽ നം. 1359/2017 മേലുള്ള ബഹു. സുപ്രീം കോടതിയുടെ 22-09-2017 ലെ വിധിയിലെ നിർദ്ദേശങ്ങൾക്കനുസൃതമായും 27-02-2018 ലെ സ.ഉ.(കൈ)നം.1/2018/പരി പ്രകാരം പുറപ്പെടുവിച്ച നിയമനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും 1974 ലെ (മലിനീകരണ നിയന്ത്രണവും നിവാരണവും) ആക്ടിലെ സെക്ഷൻ 4 ലെ വ്യവസ്ഥകൾക്കനുസരിച്ചും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചെയർമാൻ, മെമ്പർ സെക്രട്ടറി എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾക്കായി താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും സർക്കാർ അപേക്ഷ ക്ഷണിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | യോഗ്യത | അഭിലഷണീയ യോഗ്യത | പ്രായം | സേവന വേതന വ്യവസ്ഥകൾ |
|---|---|---|---|---|---|
| 1 | ചെയർമാൻ | 1. പരിസ്ഥിതി വിഷയങ്ങളിൽ സ്പെഷ്യലൈസ് ചെയ്ത് സയൻസ്/ ടെക്നോളജി/ എഞ്ചിനീയറിംഗ് എന്നിവയിലുള്ള മാസ്റ്റേഴ്സ് ബിരുദം.<br><br>2. പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനത്തിൽ 15 വർഷത്തിൽ കുറയാത്ത ഭരണ പരിചയം.<br>അല്ലെങ്കിൽ | 1.ഉദ്യോഗസ്ഥർക്കായുള്ള പാരിസ്ഥിതിക പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ള പരിചയം.<br><br>2.പാരിസ്ഥിതിക പ്രശ്നങ്ങൾ കൈ കാര്യം ചെയ്യുന്നതിലെ നവീന മാർഗ്ഗങ്ങളിൽ വിജ്ഞാനവും പ്രാവിണ്യവും തെളിയിക്കുന്ന പ്രസിദ്ധീകരണങ്ങൾ | അപേക്ഷ തീയതിയിൽ 60 വയസ് കവിയരുത് | സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ. |

| | | | | | |
|---|---|---|---|---|---|
| | | വ്യാവസായിക മലിനീകരണം, ജലശുദ്ധീകരണം, വായു മലിനീകരണം എന്നീ വിഷയങ്ങളിലെ നൂതന ആശയങ്ങളിൽ പരിജ്ഞാനവും 15 വർഷത്തിൽ കുറയാത്ത പ്രായോഗിക പരിജ്ഞാനവും. | | | |
| 2 | മെമ്പർ സെക്രട്ടറി | 1. പരിസ്ഥിതി വിഷയങ്ങളിൽ സ്പെഷ്യലൈസ് ചെയ്ത് സയൻസ്/ ടെക്നോളജി/ എഞ്ചിനീയറിംഗ് എന്നിവയിലുള്ള മാസ്റ്റേഴ്സ് ബിരുദം.<br><br>2. മലിനീകരണ നിയന്ത്രണത്തിന്റെ ശാസ്ത്രീയ സാങ്കേതിക മാനേജ്മെന്റ് മേഖലകളിൽ 15 വർഷത്തെ സേവന പരിചയം.<br><br>അല്ലെങ്കിൽ<br><br>മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട തസ്തികയിൽ സംസ്ഥാന/ കേന്ദ്ര സർക്കാർ/ പൊതുമേഖല/ യൂണിവേഴ്സിറ്റി/ സ്വയംഭരണ സ്ഥാപനങ്ങളിലെ 15 വർഷത്തെ സേവന പരിചയം. | 1. കേന്ദ്ര/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ സാങ്കേതിക/ മാനേജീരിയൽ തസ്തികകളിൽ അഞ്ച് വർഷത്തിൽ കുറയാത്ത സേവന പരിചയം.<br><br>2. നിയമ ബിരുദം. | അപേക്ഷ തീയതിയിൽ 60 വയസ് കവിയരുത്. | സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ. |

അപേക്ഷകൾ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം വൈകിട്ട് 5 മണിക്ക് മുമ്പായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. യോഗ്യത, പരിജ്ഞാനം, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉൾപ്പെടെയുള്ള അപേക്ഷ **അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,**

**കേരളം, പിൻ- 695001** എന്ന മേൽവിലാസത്തിലേക്ക് തപാൽ മുഖേനയോ അല്ലെങ്കിൽ prl.secy.revenue@gmail.com എന്ന ഇമെയിൽ വിലാസത്തിലോ അയക്കേണ്ടതാണ്.

**അഡീഷണൽ ചീഫ് സെക്രട്ടറി**
**പരിസ്ഥിതി വകുപ്പ്**